**File No.TCPCTP/787/2019-C2**

<u>മുഖ്യനഗരാസൂത്രകന്റെ നടപടി</u>

വിഷയം:- നഗരഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം -തിരുവനന്തപുരം - സാങ്കേതികവിഭാഗം - മലപ്പുറം ജില്ല- കരുവാരക്കുണ്ട് ഗ്രാമ പഞ്ചായത്ത്- ഗ്യാസ് ഗോഡൗൺ നിർമ്മാണം- ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

.പരാമർശം:- (1) മലപ്പുറം നഗരാസൂത്രകന്റെ 09/05/2019-ലെ എ 3/1982/2018 നമ്പർ കത്ത്
(2) കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 12/11/2018 ലെ എ 1/6435/18 നമ്പർകത്ത്

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. TCPCTP/787/2019-C2 തീയതി: **13/06/2019**

---

മലപ്പുറം ജില്ലയിൽ കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിൽ ടി വില്ലേജിൽ ബ്ലോക്ക് നമ്പർ 155 ൽ സർവ്വേ നമ്പർ 233 /3 ൽ ഉൾപ്പെട്ട 1.1340 ഹെക്ടർ മൊത്തം സ്ഥലത്തിൽ നിന്നും 12.14 ആർ സ്ഥലം പാട്ടത്തിനെടുത്ത് ഗ്രൂപ്പ് I ഗണത്തിൽപെടുന്ന ഒരു ഗ്യാസ് ഗോഡൗൺ നിർമ്മിക്കുന്നതിനുള്ള ലേ-ഔട്ട് അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖാന്തിരം ലഭ്യമാക്കിയ ശ്രീ.ഷഫീർ (Lessee) ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ- 2011 നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി **കെട്ടിടങ്ങളുടെ ലേ -ഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.**

<u>നിബന്ധനകൾ</u>

1. നിർമ്മാണം കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 2011-നും അനുബന്ധ ഭേദഗതികൾക്കും അനുസൃതമായരിക്കണം.
2. ചട്ടം 11(1) പ്രകാരം സ്ഥലത്തിന്റെ അതിരുകൾ , അളവുകൾ, ഉടമസ്ഥാവകാശം, പ്രമാണങ്ങൾ, നിർമ്മാണാവകാശം, മറ്റു റവന്യൂ രേഖകൾ മുതലായവ സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
3. ചട്ടം 61(6) പ്രകാരം ഫയർ & റസ്ക്യൂ സർവ്വീസ് വകുപ്പിൽ നിന്നും നിരാക്ഷേപ പത്രം വാങ്ങേണ്ടതാണ്.
4. വിഭാവിത നിർമ്മാണത്തിന് ചട്ടം 61(5) പ്രകാരം പൊല്യൂഷൻ കൺട്രോൾ ബോർഡിൽനിന്നും, ചട്ടം 26(6) പ്രകാരം ബന്ധപ്പെട്ട മറ്റ് വകപ്പുകളിൽ നിന്നും അനുമതി വാങ്ങേണ്ടതാണ്.
5. പ്രസ്തുത ഗ്യാസ് ഗോഡൗൺ പ്ലോട്ടിന് ചുറ്റും 1.80 മീറ്റർ ഉയരത്തിൽ ചുറ്റുമതിൽ കെട്ടേണ്ടതും ചട്ടം 61(4) പ്രകാരം 7 മീറ്ററിൽ കുറയാതെ വീതിയുള്ള ആക്സസ് പ്രസ്തുത പ്ലോട്ടിലേയ്ക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.
6. പ്രസ്തുത കെട്ടിടത്തിന് ചുറ്റും ചട്ടം 61(3) പ്രകാരം 7.50 മീ. തുറസ്സായ സ്ഥലം ലഭ്യമാണെന്ന് പഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

7. ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകുന്നമുറയ്ക്ക് ചട്ടം 61(7) പ്രകാരം ഫയർ & ലൈഫ് സേഫ്റ്റി പ്രൊട്ടക്ഷൻ സംവിധാനങ്ങൾ നൽകിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
8. ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകുന്ന മുറയ്ക്ക് ചട്ടം 61(8) പ്രകാരം ആവശ്യമായ ശുചീകരണ സൗകര്യങ്ങൾ നൽകിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 46/2019 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു</u>

ഉത്തരവിൻ പ്രകാരം

പി.ആർ. ജയശ്രീ.
നഗരാസൂത്രക

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ
സെക്രട്ടറി,
കരുവാരക്കുണ്ട് ഗ്രാമ പഞ്ചായത്ത്.

പകർപ്പ്:-

1. SHAFEER VM,
   VATTAMANNIL HOUSE,
   KARUVARAKUNDU P.O,
   KARUVARAKUNDU, MALAPPURAM- 676523
2. നഗരാസൂത്രകൻ, മലപ്പുറം
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം.